**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - മതിയായ സാമ്പത്തിക സ്രോതസ്സ് ലഭ്യമല്ലാത്തതിനാൽ സർക്കാർ/ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് നേരിടുന്ന തടസം ഒഴിവാക്കുന്നതിന് 100% തുകയും ശുചിത്വ മിഷൻ വിഹിതമായി വകയിരുത്തുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2142/2018/തസ്വഭവ തിരുവനന്തപുരം, തീയതി 03.08.2018

പരാമർശം :- 1) 03.01.2018 ലെ സ.ഉ.(സാധാ)നം. 16/2018/തസ്വഭവ നമ്പർ ഉത്തരവ്
2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.07.2018 ലെ കുറിപ്പ്
3) 18.07.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.12(i)

<u>**ഉത്തരവ്**</u>

എയിഡഡ് സ്കൂളുകൾക്ക് മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് 100% തുക സബ്സിഡി അനുവദിക്കുന്നതിന് 2017-2018 ലെ സബ്സിഡി മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2018-19-ലെ ഖര ദ്രവ മാലിന്യ സംസ്കരണ സബ്സിഡി മാനാദണ്ഡങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടാത്ത സ്ഥാപനങ്ങൾക്ക് അനുവദനീയമായ പരമാവധി സബ്സിഡി തുക 50% അല്ലെങ്കിൽ ഒരു ലക്ഷം രൂപ ഇതിലേതാണോ കുറവ് അതായി നിജപ്പെടുത്തിട്ടുണ്ട്. ആയത് പ്രകാരം എയിഡഡ് സ്കൂളിലെ പ്രോജക്ടുകൾക്ക് ഇപ്പോൾ 50% മാത്രമേ സബ്സിഡി അനുവദിക്കുവാൻ കഴിയുകയുള്ളൂ.

2. സർക്കാർ/ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സ്രോതസുകൾ കണ്ടെത്തുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ സർക്കാർ ധന സഹായം ആവശ്യപ്പെട്ട് പ്രോജക്ടുകൾ / അപേക്ഷകൾ ശുചിത്വ മിഷനിൽ ലഭിക്കുന്നുണ്ട് എന്നും ഈ സാഹചര്യത്തിൽ മതിയായ സാമ്പത്തിക സ്രോതസ്സ് ലഭ്യമല്ലാത്തതിനാൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ ഫലപ്രദമായ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് നേരിടുന്ന തടസം ഒഴിവാക്കുന്നതിന് 100% സർക്കാർ ധന സഹായം അനുവദിച്ച് ഉത്തരവാകണമെന്നും ഇത്തരം സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്ക് ശുചിത്വ മിഷൻ ധനസഹായത്തിന് (50% പരമാവധി 1,00,000/- രൂപ) ഉപരിയായ തുക തദ്ദേശ സയംഭരണ സ്ഥാപനം വകയിരുത്തി ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മതിയായ സാമ്പത്തിക സ്രോതസ്സ് ലഭ്യമല്ലാത്തതിനാൽ സർക്കാർ/ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് നേരിടുന്ന തടസം ഒഴിവാക്കുന്നതിന് 100% തുകയും ശുചിത്വ മിഷൻ വിഹിതമായി വകയിരുത്തുവാൻ അനുമതി നൽകി പരമാർശം 3 ന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. .

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു. എൽ**
**ഗവ.സ്പെഷ്യൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ